**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2214** **06-07-2022 - ൽ മറുപടിയ്ക്ക്**

**കുണ്ടൂർ വടക്കേ അങ്ങാടിയിൽ പുതിയ റേഷൻ ഷോപ്പ്**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പുതിയ റേഷൻ ഷോപ്പുകൾ ഇപ്പോൾ അനുവദിക്കുന്നുണ്ടോ; പുതിയ റേഷൻ ഷോപ്പുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കാമോ ; | (എ) | ഉണ്ട്. ഏതെങ്കിലും പ്രദേശത്ത് റേഷൻ കടകളില്ലാത്തതിനാലും തൊട്ടടുത്ത റേഷൻ കടകളുടെ നിലനിൽപ്പിനെ ബാധിക്കാത്ത വിധം ഒരു റേഷൻ കടയുടെ സുഗമമായ നടത്തിപ്പിനാവശ്യമായ വിധം മിനിമം റേഷൻ കാർഡുകൾ കണ്ടെത്തി പുതിയ റേഷൻ കടയ്ക്കായി ലഭ്യമാകുന്ന അപേക്ഷ ജില്ലാ സപ്ലൈ ആഫീസർ പരിശോധിച്ച് പരിഗണനാർഹമാണെങ്കിൽ, സാക്ഷ്യപ്പെടുത്തിയ സ്കെച്ചും പ്ലാനും സഹിതമുള്ള ജില്ലാ കളക്ടറുടെ പ്രൊപ്പോസൽ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ മുഖാന്തിരം ലഭ്യമാക്കി, പരിശോധിച്ച് കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021 ലെ വ്യവസ്ഥകൾ പാലിച്ച് പുതിയ കടയ്ക്കുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്ന നടപടി സ്വീകരിക്കുന്നു. |
| (ബി) | തിരൂരങ്ങാടി മണ്ഡലത്തിലെ നന്നമ്പ്ര പഞ്ചായത്തിൽപ്പെട്ട കുണ്ടൂർ വടക്കേ അങ്ങാടിയിൽ പുതിയ റേഷൻ ഷോപ്പ് അനുവദിക്കണമെന്നാവശ്യപ്പെട്ട് എം.എൽ.എ മുഖേന നൽകിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ഉണ്ട്. പ്രസ്തുത അപേക്ഷയിന്മേൽ നടത്തിയ<br><br>അന്വേഷണത്തിൻമേൽ ടി പ്രദേശത്ത് പുതിയ റേഷൻ കട അനുവദിക്കേണ്ട സാഹചര്യം നിലവിൽ ഇല്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പ്രദേശത്ത് പുതിയ റേഷൻ ഷോപ്പ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ക്ലോസ് (ബി) യുടെ ഉത്തരം കണ്ടാലും. |

സെക്ഷൻ ഓഫീസർ